# മഹാത്മാഗാന്ധി സർവ്വകലാശാല

നം.എ.ഡി. എ1-4-81/2017 തീയതി 14.06.2017

## പരിപത്രം

വിഷയം:- 'ജൈവം 2017' - ജീവനക്കാർക്കുള്ള ബോധവൽക്കരണ/പരിശീലന പരിപാടി - പങ്കെടുക്കുവാൻ അനുമതി നൽകുന്നതു സംബന്ധിച്ച്.

സൂചന:- രജിസ്ട്രാറുടെ 12.06.2017 ലെ ജൈവം/101 (1)/2017 നമ്പരായുള്ള കുറിപ്പ്,വൈസ്ചാൻസിലറുടെ ഉത്തരവ് സഹിതം.

സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി സൗഹൃദ സംരംഭമായ 'ഹരിതകേരളം' പദ്ധതിക്ക് ശക്തി പകരുന്ന രീതിയിൽ സർവ്വകലാശാലയുടേതായ പ്രവർത്തനങ്ങൾ ജൈവ കാർഷിക മേഖലയിൽ നടത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് 'ജൈവം'. ഈ പദ്ധതി കോട്ടയം ജില്ലയെ സമ്പൂർണ്ണ ജൈവ സാക്ഷര ജില്ലയാക്കി മാറ്റുവാൻ വിഭാവനം ചെയ്യുന്നു.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ പരിപാടികൾ നടത്തിവരുകയാണ്. പദ്ധതിയുടെ പ്രചരാണാർത്ഥം ജൈവ കർഷക സമിതി, റസിഡൻസ് അസോസിയേഷൻ, പെൻഷനേഴ്സ് അസോസിയേഷൻ, സർവ്വകലാശാലയിലെ ജീവനക്കാർ എന്നിവർക്ക് ബോധവൽക്കരണ/ പരിശീലന പരിപാടി വിഭാവനം ചെയ്യുന്നു.

'ജൈവം 2017' പദ്ധതിയോടനുബന്ധിച്ച് സർവ്വകലാശാല ജീവനക്കാർക്കുള്ള ബോധവൽക്കരണ/ പരിശീലന പരിപാടിയുടെ ഉദ്ഘാടനം, 16.06.2017 (വെള്ളിയാഴ്ച) രാവിലെ 10 മണിക്ക്, അസംബ്ലി ഹാളിൽ വച്ച് നടക്കുന്ന ചടങ്ങിൽ ബഹുമാനപ്പെട്ട കേരള ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി തോമസ് നിർവ്വഹിക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുവാൻ, രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ എല്ലാ ജീവനക്കർക്കും വൈസ് ചാൻസലർ അനുമതി നൽകിയിരിക്കുന്നു.

ജൈവം 2017- ന്റെ വിജയത്തിനായി എല്ലാ ജീവനക്കാരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഒപ്പ്

അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം) 1

രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/ സെന്ററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
4. അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. പബ്ലിക് റിലേഷൻസ് ഓഫീസർ.
6. നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അദ്ധ്യാപകർക്കും ഗവേഷകർക്കുമായുള്ള ഓറിയന്റേഷൻ പ്രോഗ്രാം

**ജൂൺ 19 തിങ്കൾ**
**സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയം**

| | | |
|---|---|---|
| 09.30 | : | രജിസ്ട്രേഷൻ |
| 10.00 | : | ആമുഖം<br>**പ്രൊ. ഡോ. ബി. പ്രകാശ് കുമാർ**<br>ഓണററി ഡയറക്ടർ, അന്തർ സർവ്വകലാശാല സുസ്ഥിര ജൈവ കൃഷി പഠന കേന്ദ്രം |
| ആശംസ | : | **പ്രൊഫ. ആർ. പ്രഗാഷ്**<br>സിൻഡിക്കേറ്റംഗം |
| പ്രഭാഷണം | : | **പ്രൊഫ. (ഡോ.) കെ. രാമസ്വാമി**<br>വൈസ് ചാൻസലർ, തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി |
| 12.30 | : | നാടകം<br>**മണ്ണകം** |
| 01.00 | : | ഉച്ചഭക്ഷണം |
| 02.00 | : | ജൈവ കൃഷിയ്ക്ക് ഒരു ആമുഖം<br>**ശ്രീ. കെ.വി. ദയാൽ** |
| 03.30 | : | ചായ |

IUCOFSA

---

IUCOFSA

## മഹാത്മാഗാന്ധി സർവകലാശാല

# കോട്ടയം ജില്ലാ ജൈവ കൃഷി സാക്ഷരതാ യജ്ഞം 2017

## പരിശീലന പരിപാടികൾ

2017 ജൂൺ 15 (വ്യാഴം)
**കോളേജ് പ്രിൻസിപ്പൽമാർക്കുള്ള ശില്പശാല**

2017 ജൂൺ 16 (വെള്ളി)
**പരിശീലന പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം**

2017 ജൂൺ 19 (തിങ്കൾ)
**അദ്ധ്യാപകർക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം**

### പങ്കെടുക്കുന്ന വിശിഷ്ടാതിഥികൾ

**ശ്രീ. മാത്യു ടി. തോമസ്**
ബഹു: ജലവിഭവ വകുപ്പു മന്ത്രി

**ശ്രീ. ജയരാജ്**
(സിനിമാ സംവിധായകൻ)

**പ്രൊഫ. (ഡോ.) കെ. രാമസ്വാമി**
വൈസ് ചാൻസലർ
തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി

ഹരിത കേരളം ജൈവ കോട്ടയം

09/06/2017

സർ,

സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി സൗഹൃദ സംരംഭമായ ഹരിത കേരളം പദ്ധതിയ്ക്ക് ശക്തി പകരുന്ന രീതിയിൽ സർവ്വകലാശാലയുടേതായ പ്രവർത്തനങ്ങൾ ജൈവ കാർഷിക മേഖലയിൽ നടത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് ജൈവം 2017. ഈ പദ്ധതി കോട്ടയം ജില്ലയെ സമ്പൂർണ്ണ ജൈവ സാക്ഷര ജില്ലയാക്കി മാറ്റുവാൻ വിഭാവനം ചെയ്യുന്നു.

സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. പദ്ധതിയുടെ മുന്നൊരുക്കമായി പതിനായിരം പേർക്ക് പരിശീലനം നൽകേണ്ടതുണ്ട്. പരിശീലന പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം ജൂൺ 16 (വെള്ളി) രാവിലെ 10.00 മണിക്ക് സർവകലാശാലാ അസംബ്ലി ഹാളിൽവച്ച് **ബഹു. ജലവിഭവ വകുപ്പു മന്ത്രി ശ്രീ. മാത്യു ടി. തോമസ്** നിർവഹിക്കും. **വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ** അദ്ധ്യക്ഷത വഹിക്കും. സർവ്വകലാശാലാ ജീവനക്കാർ, സർക്കാരിൽനിന്നും സർവകലാശാലയിൽനിന്നും വിരമിച്ചവർ, റസിഡൻസ് അസോസിയേഷൻ, കേരള ജൈവ കർഷകസമിതി തുടങ്ങിയ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

കോളേജു പ്രിൻസിപ്പൽമാർക്കായി 2017 ജൂൺ 15 (വ്യാഴം) രാവിലെ 10.00ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ വച്ച് നടക്കുന്ന ശില്പശാല **സിനിമാ സംവിധായകൻ ശ്രീ. ജയരാജ്** ഉദ്ഘാടനം ചെയ്യും.

സർവകലാശാലാ അദ്ധ്യാപകർക്കും ഗവേഷക വിദ്യാർത്ഥികൾക്കുമായുള്ള പ്രത്യേക ഓറിയന്റേഷൻ പ്രോഗ്രാം ജൂൺ 19 (തിങ്കൾ) രാവിലെ 10.00 മുതൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്. **തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. (ഡോ.) കെ. രാമസ്വാമി** മുഖ്യപ്രഭാഷണം നടത്തും.

ജൈവം 2017-ന്റെ വിജയത്തിനായി താങ്കളുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

**അഡ്വ. പി.കെ. ഹരികുമാർ**
(ചെയർമാൻ, ജൈവം 2017 & സിൻഡിക്കേറ്റംഗം)

**എം. ആർ. ഉണ്ണി**
(രജിസ്ട്രാർ & ജനറൽ കൺവീനർ, ജൈവം 2017)

ഹരിത കേരളം ജൈവ കോട്ടയം

## കോളേജ് പ്രിൻസിപ്പൽമാർക്കുള്ള ശില്പശാല

**2017 ജൂൺ 15 വ്യാഴം**
**സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയം**

| | | |
|---|---|---|
| 10.30 | : | രജിസ്ട്രേഷൻ |
| 11.00 | : | ആമുഖം<br>**ശ്രീ. എം.ആർ. ഉണ്ണി**<br>(രജിസ്ട്രാർ & ജനറൽ കൺവീനർ, ജൈവം 2017) |
| | : | അദ്ധ്യക്ഷൻ<br>**ഡോ. കെ. കൃഷ്ണദാസ്** (സിൻഡിക്കേറ്റംഗം) |
| | : | ഉദ്ഘാടനം<br>**ശ്രീ. ജയരാജ്** (സിനിമാ സംവിധായകൻ) |
| 11.30 | : | ജൈവകൃഷിയ്ക്ക് ഒരു ആമുഖം<br>**ശ്രീ. കെ.വി. ദയാൽ** |
| 01.00 | : | ഉച്ചഭക്ഷണം (സർവകലാശാല ഗസ്റ്റ് ഹൗസ്) |

## പരിശീലന പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം

**2017 ജൂൺ 16 വെള്ളി**
**അസംബ്ലി ഹാൾ**

| | | |
|---|---|---|
| 10.00 | : | രജിസ്ട്രേഷൻ |
| | | സ്വാഗതം<br>**ശ്രീ. എം.ആർ. ഉണ്ണി**<br>(രജിസ്ട്രാർ & ജനറൽ കൺവീനർ, ജൈവം 2017) |
| 10.30 | : | അദ്ധ്യക്ഷൻ<br>**ഡോ. ബാബു സെബാസ്റ്റ്യൻ**<br>(ബഹു: വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാല) |
| 11.00 | : | ഉദ്ഘാടനം<br>**ശ്രീ. മാത്യു ടി. തോമസ്** (ബഹു: ജലവിഭവവകുപ്പു മന്ത്രി) |
| ആശംസ | : | **ഡോ. കെ. ഷറഫുദ്ദീൻ** (സിൻഡിക്കേറ്റംഗം) |
| നന്ദി | : | |
| 11.30 | : | ജൈവകൃഷിയ്ക്ക് ഒരു ആമുഖം<br>**ശ്രീ. കെ.വി. ദയാൽ** |

ഹരിത കേരളം ജൈവ കോട്ടയം